**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3075** **04-08-2021 - ൽ മറുപടിയ്ക്ക്**

**വിവരസാങ്കേതികവിദ്യ വ്യവസായ മേഖലയിൽ തൊഴിൽ സാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി ജോയി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിൽ വിവരസാങ്കേതികവിദ്യയുടെ തൊഴിൽ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഐ.ടി വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടെക്നോസിറ്റിയിലെ സർക്കാർ ഐ.ടി കെട്ടിടത്തിനു പുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്, സൺടെക് ബിസിനസ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അടുത്ത 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫെയിസ്-1 ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫെയിസ്-3-യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്, ടെക്നോസിറ്റിയിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സ്പെയിസ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ് & റ്ററ്റ ഇലക്സി, (ഡിജിറ്റൽ ഡേറ്റാ സെന്റർ) ബ്രിഗേഡിന്റെ വേൾഡ് ട്രൈഡ് സെന്റർ തുടങ്ങിയവ. ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി/ഐ.ടി.ഇ.എസ് സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി ഇൻഫോപാർക്കിൽ 422 ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 92 ലക്ഷം ച.അടി ബിൽറ്റ് അപ്പ് സൗകര്യങ്ങൾ ഇൻഫോപാർക്കിലെ വിവിധ |

| | | | |
|---|---|---|---|
| | | | വികസന ഘട്ടങ്ങളിലായി വിനിയോഗിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിൽ 60 ഐ.ടി/ ഐ.ടി.ഇ.എസ് കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. കമ്പനികളെ ആകർഷിക്കുന്നതിനായി നിലിവിലെ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്റ്റാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ബഹുരാഷ്ട്ര കമ്പനിയായ ടാറ്റാ കൺസൽട്ടൻസി സർവ്വീസസ് സംസ്ഥാനത്ത് ഐ. റ്റി., ഐ. റ്റി. ഇതര ഡാറ്റാ പ്രോസസിംഗ് കാമ്പസ് സ്ഥാപിക്കാൻ ധാരണയായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ബി) | ഉണ്ട്. ടെക്നോസിറ്റിയിൽ പാട്ടക്കരാർ വ്യവസ്ഥയിൽ നല്കിയ ഭൂമിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021 ഫെബ്രുവരി 18-ന് ഇതിലേക്കായുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |
| (സി) | വിദേശ ബഹുരാഷ്ട്ര കമ്പനികളെ ഉൾപ്പെടെ സംസ്ഥാനത്തേക്ക് ആകർഷിച്ച് സംസ്ഥാനത്തെ ഒരു മണി ഹബ്ബ് എന്ന നിലയിലേക്ക് വളർത്തിയെടുക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | ബഹുരാഷ്ട്ര കമ്പനികളെ ആകർക്ഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്റ്റാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ